# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 321 14.03.2018-ൽ മറുപടിയ്ക്ക്

## തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീമതി സി.കെ. ആശ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് നാടുകളിൽ നടക്കുന്ന സ്വദേശി വൽക്കരണം മലയാളികളുടെ ഗൾഫ് സ്വപ്നങ്ങൾക്ക് മങ്ങലേല്പിക്കുന്നു എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശീവല്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. കൂടാതെ പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവുണ്ടാകാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. |
| (ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11.03.2013 ലെ ജി.ഒ(ആർ.ടി) നം. 75/2013/നോർക്ക നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. |
| (സി) പ്രവാസികളുടെ തിരിച്ച് വരവ് കേരള സമൂഹത്തെ ഏതൊക്കെതരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് സൗദി അറേബ്യയിലെ സ്വദേശി വൽക്കരണത്തിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നതായി വിവരം ലഭിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. താരതമ്യേന അവിദഗ്ധ തൊഴിലാളികൾക്കാണ് ഈ രീതിയിൽ തൊഴിൽ നഷ്ടപ്പെടുന്നത്. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ